സംഘടന

**ശൈഖ് മുഹമ്മദ് കാരകുന്ന്**

# എന്നും മുന്നിൽ നടന്ന പ്രസ്ഥാനം

**ഈ** നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഉസ്മാനിയാ ഖിലാഫത്ത് നാമാവശേഷമായി. ഖലീഫ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അതോടെ മുസ്‌ലിം ലോകത്തെ കോർത്തിണക്കിയിരുന്ന ചരടറ്റു. അത് തീർത്തും ശിഥിലമായി. സാമ്രാജ്യത്വശക്തികൾ മുസ്‌ലിം നാടുകൾ അധീനപ്പെടുത്തി. പ്രത്യക്ഷമായോ പരോക്ഷമായോ പാശ്ചാത്യരുടെ പിടിയിൽ പെടാത്ത പ്രദേശമൊന്നു പോലുമുണ്ടായിരുന്നില്ല.

സാമ്രാജ്യ ശക്തികൾ അധിനിവിഷ്ട പ്രദേശങ്ങളിൽ തങ്ങളുടെ ആദർശവും വിശ്വാസവും ചിന്തയും ചര്യയും ജീവിത വീക്ഷണവും ആചാരങ്ങളും സ്വഭാവവും സംസ്കാരവും വ്യാപകമായി പ്രചരിപ്പിച്ചു. തദ്ഫലമായി മുസ്‌ലിംകൾ ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകന്നു. ആദർശത്തിൽ മായം ചേർക്കപ്പെട്ടു. വിശ്വാസം ദുർബലമായി. ജീവിത വീക്ഷണം ഏറെ വികലമായി. പരമപ്രധാനമായ ജീവിത മേഖലകളിലെല്ലാം നിയമനിർമാണത്തിന്റെ പരമാധികാരം ജനങ്ങൾക്കാണെന്ന പാശ്ചാത്യവീക്ഷണത്തിന് വ്യാപകമായ പ്രചാരം ലഭിച്ചു. പ്രപഞ്ചനാഥന്റെ പരമാധികാരം ആരാധനാ മേഖലകളിൽ പരിമിതമാക്കപ്പെട്ടു. അങ്ങനെ, മതത്തിനും ദൈവത്തിനുമുള്ള മനുഷ്യജീവിതത്തിലെ നിയാമകശക്തിയെന്ന അവസ്ഥ അവഗണിക്കപ്പെട്ടു. മതം വേണമെന്നുണ്ടെങ്കിൽ വ്യക്തിയുടെ വിശ്വാസത്തിലും സ്വകാര്യജീവിതത്തിന്റെ പരിമിതികളിലും അതാവാമെന്നും അതിലപ്പുറം പൊതുജീവിതത്തിലതിന് പ്രവേശനം പാടില്ലെന്നുമുള്ള ഭൗതികസിദ്ധാന്തം വളരെയേറെ സ്വാധീനം നേടി. മുസ്‌ലിംകൾക്കിടയിൽ സംഭവിച്ച ഗുരുതരമായ ഈ വ്യതിയാനത്തിന് ആദ്യം വിധേയമായത് പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ചവരും ഒഴുക്കിനൊത്ത് നീങ്ങുന്ന പൊതുജനവുമായിരുന്നു. എന്നാൽ പ്രഥമഘട്ടത്തിൽ ഇതിന്റെ മുമ്പിൽ പകച്ചുനിന്ന മതപണ്ഡിതന്മാർ പോലും ക്രമേണ അവയുടെ വക്താക്കളും പ്രചാരകരുമായി മാറി. അതോടെ ജീവിതത്തിന്റെ സുപ്രധാനവശങ്ങളിൽനിന്ന് അല്ലാഹുവും അവന്റെ സാന്മാർഗിക നിയമങ്ങളും നിരാകരിക്കപ്പെട്ടു. ദൈവഹിതത്തിനു പകരം മനുഷ്യേഛ മേധാവിത്വം പുലർത്തി. ഭാഗികമോ പൂർണമോ ആയ മതനിരാസം ജീവിതത്തെ ആമൂലാഗ്രം ഗ്രസിച്ചു.

ഇതുവഴി ഇസ്‌ലാമിന്റെ തൗഹീദ് സങ്കൽപത്തിന് സംഭവിച്ച ക്ഷതം തിരിച്ചറിയുന്നതിൽ പലരും പരാജയപ്പെട്ടു. മർമം ചോർന്ന് ഭാഗികം മാത്രമായ തൗഹീദ് കൊണ്ട് തൃപ്തിയടയുന്ന സ്ഥിതിയുണ്ടായി. അതോടൊപ്പം അനിവാര്യമായും ഇസ്‌ലാമിനെക്കുറിച്ച കാഴ്ചപ്പാടും വികൃതമായി. ജനജീവിതത്തെയാകെ രൂപപ്പെടുത്തുന്ന സമ്പൂർണ ദൈവിക വ്യവസ്ഥയെന്ന വീക്ഷണം മതപണ്ഡിതന്മാർക്കു പോലുമില്ലാതായി. ഇതര മതങ്ങളെപ്പോലെ ഇസ്‌ലാമും ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും മാത്രമാണെന്ന വികല വീക്ഷണം വ്യാപകമായിത്തീർന്നു. അതോടൊപ്പം മതനിരാസ പ്രവണത ആദർശ വിശ്വാസങ്ങളെപ്പോലും കടന്നാക്രമിച്ചു. അഭൗതിക കാര്യങ്ങളിലുള്ള വിശ്വാസത്തിന് അത് കടുത്ത ക്ഷതമേൽപിച്ചു. ഇസ്‌ലാമിക വ്യവസ്ഥയും ഭരണവും കാലഹരണപ്പെട്ടുവെന്നും അതിന്റെ നിയമങ്ങൾ പ്രാകൃതമാണെന്നും പ്രചണ്ഡമായി പ്രചരിപ്പിക്കപ്പെട്ടു. തൽഫലമായി മുസ്‌ലിംകൾക്കുതന്നെ ഇസ്‌ലാമിനോട് ഒട്ടും മതിപ്പില്ലാത്ത സ്ഥിതി വന്നു. അവർ അപകർഷബോധത്തിന്നടിപ്പെട്ടു. സാമ്രാജ്യത്ത ശക്തികളുടെ സകലതിനെയും ആദരവോടെ വീക്ഷിക്കുകയും അവ വാരിപ്പുണരാൻ വെമ്പൽ കൊള്ളുകയും ചെയ്തു. പരാജിത മനസ്സും ക്ഷമാപണശൈലിയും സമുദായത്തിന്റെ പൊതു സ്വഭാവമായി.

ആദർശ വിശ്വാസത്തെ അഗാധമായി ബാധിച്ച പാശ്ചാത്യചിന്തയുടെ സ്വാധീനം മുസ്‌ലിംകളുടെ ജീവിതത്തിലുടനീളം പ്രകടമായി. വിദ്യാസമ്പന്നരായ പലരും മുസ്‌ലിംകളായി അറിയപ്പെടാനിഷ്ടപ്പെട്ടില്ല. വേഷവും ഭാഷയും ആചാരവും പെരുമാറ്റവും പാശ്ചാത്യമാക്കാൻ പരമാവധി ശ്രമിച്ചു. പടിഞ്ഞാറൻ ഭൗതിക മനസ്സ് പേറുന്ന ഒരു പുത്തൻ തലമുറ പ്രത്യക്ഷപ്പെട്ടു. സമൂഹത്തിന്റെ ഉപരിതലത്തിൽ അവരാണ് സ്ഥാനമുറപ്പിച്ചത്. അതിനാൽ അവരാണ് ജനജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നത്. ഇതിന്റെയൊക്കെ ഫലമായി ഒരാദർശ സമൂഹമെന്ന സ്ഥാനം മുസ്‌ലിംകൾക്ക് തീർത്തും നഷ്ടമായി. ജീർണിച്ച ഒരു കേവല

ജാതിയായി അവർ പരിണമിച്ചു.

തികച്ചും പ്രതികൂലമായ ഇത്തരമൊരവസ്ഥയിലാണ് ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ കാലത്തിന്റെ അനിവാര്യതയെന്ന വണ്ണം രംഗത്തു വരുന്നത്. പ്രവാചകന്മാരും അവരുടെ പാത പിന്തുടർന്ന് ചരിത്രത്തിലെ പ്രതിഭാധനരായ പരിഷ്കർത്താക്കളും ചെയ്തതു പോലെ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ആദർശ വിശ്വാസങ്ങൾക്കാണ് ഊന്നൽ നൽകിയത്. തൗഹീദിനെ അതിന്റെ സമഗ്രസ്വഭാവത്തിൽ സ്ഥാപിക്കാനും ഇസ്‌ലാമിനെ യഥാതഥമായി സമൂഹസമക്ഷം സമർപ്പിക്കാനുമാണ് അവ മുഖ്യമായും ശ്രമിച്ചത്.

ലോകം കണ്ട ഉജ്വലമായ വിപ്ലവങ്ങളുടെയും മഹത്തായ സാമൂഹിക മാറ്റങ്ങളുടെയും കരുത്തുറ്റ പ്രസ്ഥാനങ്ങളുടെയും പ്രഭവ കേന്ദ്രം യുഗപ്രഭാവരായ പരിഷ്കർത്താക്കളാണല്ലോ. ജമാഅത്തെ ഇസ്‌ലാമിക്ക് രൂപം നൽകിയതും കാലത്തിന് വിഴുങ്ങാൻ കഴിയാത്ത അത്തരമൊരു മഹദ്‌വ്യക്തിയത്രെ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. ഇന്ന് ലോകമെങ്ങും ഏറെ ചർച്ചചെയ്യപ്പെടുന്ന ഇസ്‌ലാമിക നവജാഗരണത്തിന്റെ ആദ്യ അലകൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇളക്കിവിട്ടത് അദ്ദേഹമാണ്. പടിഞ്ഞാറിന്റെ വെല്ലുവിളികൾക്ക് മുമ്പിൽ പകച്ചുനിന്ന പരമ്പരാഗത മുസ്‌ലിം ചിന്തയെ സയ്യിദ് മൗദൂദി പ്രചോദിപ്പിച്ച് പ്രവർത്തനക്ഷമമാക്കി. ജനജീവിതത്തിന്റെ നിയാമകശക്തിയായി വർത്തിക്കുന്ന പ്രത്യയശാസ്ത്രമെന്ന ഇസ്‌ലാമിന്റെ പ്രത്യേകത അവസാനിപ്പിച്ച് ഒരു പാരമ്പര്യ മതമാക്കി പരിമിതപ്പെടുത്തിയെന്ന് അഹങ്കരിക്കുകയും ആശ്വസിക്കുകയും ചെയ്തിരുന്ന പ്രതിയോഗികളെ അമ്പരപ്പിച്ചും അശാന്തരാക്കിയും ഇസ്‌ലാമിക ജീവിത വ്യവസ്ഥയുടെ ഉയിർത്തെഴുന്നേൽപിന് ഊർജമേകിയത് അദ്ദേഹമാണ്. പാശ്ചാത്യസംസ്കാരത്തിന്റെ ദൗർബല്യങ്ങൾ തുറന്ന് കാണിച്ച് ഇസ്‌ലാമിന്റെ സാധുതയും സാധ്യതയും തെളിയിച്ചു കാട്ടുന്നതിൽ അബുൽ അഅ്‌ലായുടെ നിശിത ചിന്തകളും പ്രവർത്തനങ്ങളും അനൽപമായ പങ്കുവഹിച്ചു.

പാശ്ചാത്യൻ ഭൗതിക ചിന്തക്കും സംസ്കാരത്തിനും അടിപ്പെട്ട മുസ്‌ലിംകളെ അവയിൽനിന്ന് മോചിപ്പിക്കാൻ സയ്യിദ് മൗദൂദി പരമാവധി ശ്രമിച്ചു. കാലഘട്ടം ആവശ്യപ്പെടുന്നതെന്തെന്ന തിരിച്ചറിവ് ജമാഅത്തെ ഇസ്‌ലാമിക്കും അതിന്റെ സ്ഥാപക നേതാവ് മൗദൂദിക്കുമുണ്ടായിരുന്നു. അത് അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: "ഒന്നാമതായി മുസ്‌ലിം ബുദ്ധിജീവികളിൽ ആധിപത്യം നേടിക്കഴിഞ്ഞ പാശ്ചാത്യസംസ്കാരത്തിന്റെയും ചിന്താഗതിയുടെയും വേലിയേറ്റത്തെ തടയണം. ഇസ്‌ലാമിന് സ്വന്തമായൊരു ജീവിത വ്യവസ്ഥയും സാംസ്കാരികത്തനിമയും ഉണ്ടെന്നും അവ ഏതു നിലക്കും പാശ്ചാത്യ സംസ്കാരത്തെക്കാളും ചിന്താഗതികളെക്കാളും മികച്ചു നിൽക്കുന്നുവെന്നും അവരെ ബോധ്യപ്പെടുത്തണം. നാഗരികതയുടെയും സംസ്കാരത്തിന്റെയും കാര്യത്തിൽ മറ്റാരോടെങ്കിലും ഭിക്ഷ യാചിക്കണമെന്ന ചിന്ത അവരുടെ മനസ്സുകളിൽനിന്ന് തൂത്തുമാറ്റണം. ലോകത്തിലെ മറ്റെല്ലാ വ്യവസ്ഥകളെക്കാളും ഉത്തമമായ ഒരു പൂർണ വ്യവസ്ഥിതി തങ്ങളുടെ പക്കലുണ്ടെന്ന് അവരെ ഓർമിപ്പിക്കണം. അവർ ഭീരുത്വത്തോടെ വിധേയമായിക്കഴിഞ്ഞ പാശ്ചാത്യവ്യവസ്ഥിതിയുടെ നാനാവിധ ദൗർബല്യങ്ങൾ നിശിതമായി നിരൂപണം ചെയ്ത് അവരുടെ മുമ്പാകെ വ്യക്തമാക്കണം."

ചരിത്രപ്രധാനമായ ഈ ദൗത്യ നിർവഹണത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് വമ്പിച്ച വിജയം വരിക്കാൻ സാധിച്ചു. പടിഞ്ഞാറിന്റെ പ്രചാരണങ്ങൾക്കു മുമ്പിൽ പകച്ചുനിന്ന സമുദായ ചേതനക്ക് ധൈര്യം പകർന്ന് ലക്ഷക്കണക്കിന് യുവാക്കളെ ഭൗതികയോടുള്ള വിധേയത്വത്തിൽനിന്ന് വിമോചിപ്പിച്ച് ഇസ്‌ലാമിന്റെ വക്താക്കളാക്കാൻ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

### കേരളത്തിൽ

പരിഷ്കരണ ചിന്തയും പ്രവർത്തനവും കടന്നുവരുന്നതിനു മുമ്പ് കേരള മുസ്‌ലിംകളും കടുത്ത കൂരിരുളിലായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം ഇസ്‌ലാം ചില ആചാരാനുഷ്ഠാനങ്ങളിൽ പരിമിതമായിരുന്നു. പുറം ലോകത്തുനിന്ന് പൊതുവിലും ഈജിപ്തിൽനിന്ന് പ്രത്യേകിച്ചും നവോത്ഥാന ചിന്ത കടന്നുവന്നതോടെ ഇവിടെയും നേരിയ തോതിലെങ്കിലും മാറ്റമുണ്ടാകാൻ തുടങ്ങി. അതിന്റെ മുന്നണിപ്പോരാളികളായി സംഘടിതമായി രംഗത്തു വന്നവർക്ക്, ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെടുന്നതുവരെ മൗദൂദി സാഹിബും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും ഏറെ പ്രിയപ്പെട്ടവയായിരുന്നു. കേരളക്കരയിൽ അതിന്റെ പ്രചാരകരായി രംഗത്ത് വരാനവർക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. ഉസ്മാനിയാ ഖിലാഫത്തിന്റെ തകർച്ചയോടെ ഇസ്‌ലാമിക രാഷ്ട്രീയരംഗത്തുണ്ടായ കടുത്ത ശൂന്യത ചിന്താപരമായെങ്കിലും നികത്താൻ മൗദൂദി കൃതികളുപകരിക്കുമെന്നവർ കരുതി. എന്നാൽ, ഇസ്‌ലാമിക രാഷ്ട്രീയം സങ്കുചിതമായ സാമുദായികബോധത്തിന് വഴിമാറുകയും സംഘടനാബന്ധം ബന്ധനമാവുകയും ചെയ്തതിനാൽ ഏറെ വൈകാതെ ഈ സമീപനത്തിന് സാരമായ മാറ്റം സംഭവിച്ചു. ജമാഅത്തെ ഇസ്‌ലാമിയെ എതിർക്കുന്നതിൽ ഏതറ്റംവരെ പോകാനുമവർ സന്നദ്ധമായി. അതിനാൽ ഭൗതികരായ മതേതരവാദികളേക്കാൾ തീവ്രതയോടെ അവർ വാദിച്ചു; മതവും രാഷ്ട്രവും രണ്ടാണ്. അല്ലാഹുവിന്റെ പരമാധികാരമെന്നാൽ പ്രപഞ്ചഭരണത്തിലെ നിയന്ത്രണാധികാരമാണ്.

നിയമനിർമാണാവകാശം മതരംഗത്ത് പരിമിതമാണ്. മതമെന്നാൽ ആരാധനയും.

നിയമ നിർമാണത്തിനുള്ള പരമാധികാരം അല്ലാഹുവിന്ന് മാത്രമാണെന്നും ഇസ്‌ലാം സമഗ്രമായ ദർശനവും പ്രായോഗിക പ്രത്യയശാസ്ത്രവുമാണെന്നും ജമാഅത്തെ ഇസ്‌ലാമി ഉറക്കെ പ്രഖ്യാപിച്ചപ്പോൾ അവരിൽ പലരും ഊറിച്ചിരിക്കുകയായിരുന്നു. ആശയത്തോടു മാത്രമല്ല; ജീവിത പദ്ധതി, വ്യവസ്ഥ, ദർശനം, പ്രത്യയശാസ്ത്രം, സമഗ്രം, സമ്പൂർണം പോലുള്ള ജമാഅത്ത് പ്രയോഗിച്ച പദങ്ങളോടു പോലും കടുത്ത ശത്രുത പുലർത്തി.

എന്നാൽ ജമാഅത്തിന്റെ അരനൂറ്റാണ്ടു കാലത്തെ നിരന്തരവും ക്ഷമാപൂർവവുമായ ശ്രമത്തിന്റെ ഫലമായി ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. ഇസ്‌ലാം കേവലം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണെന്ന ധാരണ തിരുത്തുന്നതിൽ പ്രപഞ്ചനാഥന്റെ അനുഗ്രഹത്താൽ പ്രസ്ഥാനം ഒരു പരിധിയോളം വിജയിച്ചിട്ടുണ്ട്. അമുസ്‌ലിംകൾ പോലുമിന്ന് ഇസ്‌ലാമിനെ ഒരു ജീവിത വ്യവസ്ഥയായി മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ദൈവിക ദീനിനെ ജീവിത പദ്ധതിയായും പ്രത്യയശാസ്ത്രമായും പരിചയപ്പെടുത്തുന്നത് അക്ഷന്തവ്യമായ അപരാധമായി ആരോപിച്ചിരുന്നവർ പ്രസ്തുത പദങ്ങളൊക്കെയും ലോഭമന്യേ ഇസ്‌ലാമിനോട് ചേർത്തു പറയാൻ തുടങ്ങിയിട്ടുണ്ട്. പ്രായോഗികരംഗത്ത് അതിന്റെ താൽപര്യങ്ങൾക്കനുസൃതമായ സമീപനം സ്വീകരിക്കുന്നില്ലെങ്കിലും.

പരമാധികാരത്തെപ്പറ്റിയുള്ള ഏതൊരു ചർച്ചയുടെ നേരെയും കാതുകൾ കൊട്ടിയടച്ചിരുന്നവർ നിയമനിർമാണത്തിനുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന് ഞങ്ങളും അംഗീകരിക്കുന്നുവെന്ന് സമ്മതിക്കാൻ നിർബന്ധിതമായിരിക്കുന്നു. ജമാഅത്തിനോടുള്ള എതിർപ്പ് രൂക്ഷമായിത്തന്നെ തുടരുന്നുണ്ടെങ്കിലും ഇസ്‌ലാമിനെ സംബന്ധിച്ച് ജമാഅത്തും മൗദൂദിയും പറയുന്ന മൗലിക കാര്യങ്ങൾ ഇന്ന് എല്ലാവരും അംഗീകരിക്കുന്നുവെന്നതാണ് വസ്തുത. ആദർശ പ്രചാരണ രംഗത്ത് പ്രസ്ഥാനം കൈവരിച്ച മഹത്തായ നേട്ടവും ഇതുതന്നെ.

### പ്രബോധക സമൂഹം

ഇസ്‌ലാമിക പ്രവർത്തനമെന്നാൽ മുസ്‌ലിംകൾക്കിടയിലെ കർമശാസ്ത്ര അഭ്യസനവും മതോപദേശം നൽകലും മാത്രമാണെന്ന് പരക്കെ കരുതപ്പെട്ടിരുന്ന കാലത്താണ് ജമാഅത്തെ ഇസ്‌ലാമി രംഗത്തുവന്നത്. മുസ്‌ലിംകൾ കേവലം ഒരു പാരമ്പര്യ ജാതിയോ സമുദായമോ അല്ലെന്നും രാജ്യത്ത് ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന ഒരാദർശ സമൂഹമാണെന്നും ജമാഅത്ത് ശക്തിയുക്തം ഊന്നിപ്പറഞ്ഞു. ദൈവികദീനിന്റെ പ്രബോധകരും സത്യത്തിന്റെ സാക്ഷികളുമായിത്തീരാൻ അത് മുസ്‌ലിംകളോടാവശ്യപ്പെട്ടു. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി പതിറ്റാണ്ട് മുമ്പുതന്നെ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കി: “ഇസ്‌ലാമിന്റെ മതപരവും ഭൗതികവുമായ ശക്തിയുടെ യഥാർഥ സ്രോതസ്സ് ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കലും നന്മകൽപിക്കലും തിന്മവിരോധിക്കലുമാണ്. ഇസ്‌ലാം അല്ലാഹുവിന്റെ സന്ദേശമാണ്. ഭൂലോകത്തെ മുഴുവൻ മനുഷ്യരും അതിന്റെ സംബോധിതരാണ്. അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന ഈ സന്ദേശം ലഭിച്ചിട്ടുള്ള എല്ലാ ഓരോ വ്യക്തിയും മറ്റുള്ളവർക്ക് അതെത്തിച്ചു കൊടുക്കാൻ അല്ലാഹുവിനാൽ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇസ്‌ലാമിന്റെ ആത്മാവിൽ ഉൾച്ചേർന്ന ഒന്നത്രെ മതപ്രബോധനം.

പ്രവാചകന്മാരുടെ പാത പിന്തുടർന്ന് രാജ്യനിവാസികൾക്ക് ഇസ്‌ലാമിനെ സംബന്ധിച്ച തെറ്റിദ്ധാരണകള കറ്റാനും അതിനെ പരിചയപ്പെടുത്താനും ആവും വിധം ശ്രമിച്ചതോടൊപ്പം ഇസ്‌ലാമിക പ്രബോധനം തങ്ങളുടെ നിർബന്ധ ബാധ്യതയാണെന്ന് സമുദായത്തെ ബോധ്യപ്പെടുത്താനും ജമാഅത്ത് പരമാവധി ശ്രമിച്ചു. തദ്ഫലമായി മുസ്‌ലിംകളിൽ ഗണ്യമായൊരു വിഭാഗമിന്ന് സത്യപ്രബോധനത്തിന്റെ അനിവാര്യതയും പ്രാധാന്യവും തിരിച്ചറിയുകയും അതിനാവശ്യമായ പ്രവർത്തനങ്ങളിൽ വ്യാപൃതമാവുകയും ചെയ്യുന്നുണ്ട്.

അതോടൊപ്പം സമുദായത്തിന്റെ പാശ്ചാത്യവൽക്കരണത്തെ പ്രതിരോധിക്കുന്നതിൽ കേരളത്തിലും ജമാഅത്തിന് ദൈവാനുഗ്രഹത്താൽ മഹത്തായ പങ്കുവഹിക്കാൻ സാധിച്ചു. മുസ്‌ലിംകളിൽ അഭിമാനബോധവും ആദർശനിഷ്ഠയും വിശ്വാസ ദാർഢ്യതയും വളർത്തി. സാംസ്കാരിക വ്യക്തിത്വം പരിരക്ഷിക്കാൻ പരമാവധി ശ്രമിച്ചു. നിരീശ്വരത്വം, നിർമതത്വം, മതനിഷേധം, കമ്യൂണിസം, മുതലാളിത്തം, അരാജകത്വം പോലുള്ളവയുടെ വൻ വിപത്തുകയും ദൗർബല്യങ്ങളും തുറന്നു കാണിച്ച് യുവജനങ്ങളെ അവയിൽനിന്ന് മോചിപ്പിച്ച് ഇസ്‌ലാമിലേക്ക് അടുപ്പിക്കുന്നതിൽ ജമാഅത്ത് വഹിച്ച പങ്ക് സുവിദിതമാണ്. അന്യമായ ആദർശങ്ങളെ കടംകൊള്ളേണ്ടി വരുംവിധം ഇസ്‌ലാം ദിദ്രമല്ലെന്നും അത്യസാധാരണമായ അതിജീവന ശേഷിയുള്ള ദൈവിക പ്രത്യയശാസ്ത്രമാണതെന്നും ജമാഅത്ത് ഊന്നിപ്പറഞ്ഞു. തദ്ഫലമായി ഇസ്‌ലാമികാദർശത്തിനും തദടിസ്ഥാനത്തിലുള്ള സാമൂഹികക്രമത്തിനും വേണ്ടി നിലകൊള്ളുന്ന കരുത്തുറ്റ ഒരു വിഭാഗത്തെ വളർത്തിക്കൊണ്ടുവരാനതിനു സാധിച്ചു. ജമാഅത്തുമായി സംഘടനാ ബന്ധമില്ലാത്ത പലരുമിന്ന് ഇസ്‌ലാമിനെ ഇവ്വിധം ഉൾക്കൊള്ളുന്നവരത്രെ. അതിനോട് ശത്രുത പുലർത്തുന്നവരുടെ വീക്ഷണങ്ങളെപ്പോലും സ്വാധീനിക്കാൻ ഈ രംഗത്ത്

പ്രസ്ഥാനത്തിന് സാധിച്ചു.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂഢധാരണകളും മാമൂലുകളും അരക്കിട്ടുറപ്പിക്കാൻ തീവ്രയത്നം നടത്തുന്ന യാഥാസ്ഥിതികത്വത്തിന്റെ കുരുക്കുകളിൽനിന്ന് ഭൗതിക വാദികൾക്ക് സമുദായത്തിലേക്ക് പാലം പണിയാൻ പണിപ്പെടുന്ന മോഡേണിസ്റ്റ് തന്ത്രം തുറന്നു കാട്ടി അതിനെ പരാജയപ്പെടുത്തുന്നതിൽ ജമാഅത്തെ ഇസ്ലാമി സുപ്രധാനമായ പങ്കാണ് വഹിച്ചത്. കമ്യൂണിസ്റ്റുകളെയും മോഡേണിസ്റ്റുകളെയും യുക്തിവാദികളെയും ശരീഅത്ത് വിരുദ്ധരെയും നേരിടുന്നതിൽ സമുദായത്തിന്റെ സഹകരണത്തോടെ വിജയം വരിക്കാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു.

### പ്രസിദ്ധീകരണ രംഗം

ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്ലാമിക്ക് ഹിന്ദി, ഇംഗ്ലീഷ്, ഉർദു, ബംഗാളി, അസമിയ, പഞ്ചാബി, ഗുജറാത്തി, മറാഠി, തെലുങ്ക്, കന്നട, തമിഴ്, മലയാളം എന്നീ പ്രധാന ഭാഷകളിലെല്ലാം പ്രസാധനാലയങ്ങളുണ്ട്. ഖുർആൻ പരിഭാഷയുൾപ്പെടെ കനപ്പെട്ട നിരവധി കൃതികൾ അവ ഇതിനകം പുറത്തിറക്കുകയുണ്ടായി. എല്ലാ വിഭാഗങ്ങളിലും പെട്ട ലക്ഷക്കണക്കിനാളുകൾ ഇസ്ലാമിനെ പഠിക്കാൻ ജമാഅത്ത് പ്രസിദ്ധീകരണങ്ങളെയാണ് അവലംബിക്കുന്നത്. അതുകൊണ്ടുതന്നെ ജമാഅത്തിന്റെ പ്രസാധനാലയങ്ങൾ രാജ്യത്തെ ശ്രദ്ധേയങ്ങളായ അനൗപചാരിക ഇസ്ലാമിക വിദ്യാസ്ഥാപനങ്ങളാണ്. എന്നല്ല, ഇന്നെവിടെയും ഉയിരെടുക്കുന്ന ഇസ്ലാമിക മുന്നേറ്റത്തിന്റെ മുഖ്യ സ്രോതസ്സ് ജമാഅത്ത് പുറത്തിറക്കിയ അമൂല്യങ്ങളായ ഗ്രന്ഥങ്ങളാണ്.

കേരള മുസ്ലിംകളുടെ പുസ്തക പ്രസിദ്ധീകരണം മാലമൗലൂദുകളിലും ഖിസ്സപ്പാട്ടുകളിലും ഒതുങ്ങിനിന്നിരുന്ന 1940-കളിലാണ് ജമാഅത്തെ ഇസ്ലാമി പുസ്തക പ്രസിദ്ധീകരണ രംഗത്തേക്ക് കാലെടുത്തുവെച്ചത്. മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ഒരുപോലെ ഇസ്ലാമിനെ സംബന്ധിച്ച് പഠിക്കാൻ പര്യാപ്തമായ ഗ്രന്ഥങ്ങളാണ് ജമാഅത്ത്, ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസിലൂടെ രാജ്യത്തിന് സമ്മാനിച്ചത്. പ്രാരംഭദശയിൽ വിമർശകർ 'ഇരിമ്പിളിയത്തെ മുരുക്കും പെട്ടി'യെന്ന് വിളിച്ച് ആക്ഷേപിച്ചിരുന്ന ഐ.പി.എച്ച് ഇതിനകം മുന്നൂറ്റി അമ്പതോളം പുസ്തകങ്ങൾ പുറത്തിറക്കി സംസ്ഥാനത്തെ ഏറ്റവും വലിയ ഇസ്ലാമിക പ്രസാധനാലയമായി വളർന്നു വികസിക്കുകയുണ്ടായി. സമുദായത്തിലെ എല്ലാ വിഭാഗവുമെന്ന പോലെ അമുസ്ലിംകളും ഇസ്ലാമിനെ സംബന്ധിച്ച് അറിയാനും പഠിക്കാനും മുഖ്യമായി അവലംബിക്കുന്നത് ഐ.പി.എച്ച് കൃതികളെയാണ്. ഇതര മതസംഘടനകൾക്ക് പുസ്തക പ്രസാധനത്തിന് പ്രചോദനമേകാനും അതിന് സാധിച്ചുവെന്നതും ചാരിതാർഥ്യജനകമത്രെ.

ഇന്ത്യയിലെ ഏതാണ്ട് എല്ലാ പ്രാദേശിക ഭാഷകളിലും ദേശീയ ഭാഷയിലും ഇംഗ്ലീഷിലും ജമാഅത്തെ ഇസ്ലാമിക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങളുണ്ട്. കേരളത്തിൽ പ്രസ്ഥാനത്തിന് ഈ രംഗത്ത് ഏറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ജമാഅത്തിന്റെ മുഖപത്രമായ പ്രബോധനവും പ്രസ്ഥാനപ്രവർത്തകരാൽ നടത്തപ്പെടുന്ന *മാധ്യമ*വുമെല്ലാം കേരളീയ ജീവിതത്തിൽ വഹിക്കുന്ന പങ്കും ചെലുത്തുന്ന സ്വാധീനവും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. കുട്ടികൾക്കു വേണ്ടിയുള്ള ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾക്ക് മലയാളത്തിൽ തുടക്കം കുറിച്ചതും ജമാഅത്തുതന്നെ. മലയാളത്തിലെ ആദ്യത്തെ മുസ്ലിം ബാലപ്രസിദ്ധീകരണം *മലർവാടി*യാണല്ലോ. മറ്റു മതസംഘടനകൾ ഈ രംഗത്തേക്ക് കടന്നുവരാൻ കാരണവും ജമാഅത്തിന്റെ കാൽവയ്പുകളത്രെ.

### വിദ്യാഭ്യാസമേഖല

അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ മുസ്ലിംകളെ പ്രതിനിധാനം ചെയ്തിരുന്ന രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അലീഗഢും ദയൂബന്ദും. അലീഗഢ് പാശ്ചാത്യ ചിന്തയുടെ പ്രചാരണ കേന്ദ്രമായിരുന്നു. ആദ്യകാലത്ത് അലീഗഢ് പുറത്തുവിട്ട പലരും ഒരു ആംഗ്ലോ മുഹമ്മദൻ വർഗമായിരുന്നു. അവരിൽ പലരും നിരീശ്വര നിർമത പ്രസ്ഥാനങ്ങളുടെ പ്രവർത്തകരായിത്തീർന്നു. അക്കാലത്ത് കമ്യൂണിസത്തിന് ഏറ്റവും കൂടുതൽ പ്രവർത്തകരെ സംഭാവന ചെയ്ത മുസ്ലിം വിദ്യാസ്ഥാപനം അലീഗഢായിരുന്നു.

മറുഭാഗത്ത് മതവിദ്യാഭ്യാസത്തെ പ്രതിനിധീകരിച്ചിരുന്നത് ദയൂബന്ദിലെ ദാറുൽ ഉലൂമായിരുന്നു. പിന്തിരിപ്പൻ യാഥാസ്ഥിതിക ചിന്തകളുടെ ഗർഭഗൃഹമായിരുന്നു അത്. പുരാതന ഗ്രന്ഥങ്ങളിലെ അക്ഷരങ്ങളാൽ ബന്ധിതരായ തഖ്ലീദിന്റെ തടവുകാരായ പണ്ഡിതന്മാരാണ് അത്തരം സ്ഥാപനങ്ങളിൽനിന്ന് പുറത്തുവന്നിരുന്നത്. അവർക്ക് കാലമോ ലോകമോ എന്തെന്നറിയുമായിരുന്നില്ല. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് ഫത്വ നൽകി അത് പഠിക്കുന്നത് പൂർണമായും വിലക്കി. അലീഗർ പുറത്തുവിട്ട അഭ്യസ്തവിദ്യരോ, മുസ്ലിംകൾ അറബി അക്ഷരങ്ങൾക്കു പകരം റോമൻ ലിപി സ്വീകരിക്കണമെന്നുവരെ അഭിപ്രായപ്പെട്ടു. തീർത്തും ഭിന്നമായ രണ്ടറ്റങ്ങളിൽ നിലകൊണ്ട ദുൻയാവറിയാത്ത മുല്ലമാരും ദീനറിയാത്ത മിസ്റ്റർമാരും പരസ്പരം പകയും പുഛവും വെച്ചുപുലർത്തി. വിദ്യാഭ്യാസ രംഗത്ത് ദീർഘകാലം ഈ അവസ്ഥ നിലനിന്നു. അതിനാൽ മതവിദ്യാഭ്യാസമെന്നാൽ ഏതാനും അറബി ഗ്രന്ഥങ്ങളുടെയും കർമശാസ്ത്ര കൃതികളു

ടെയും പഠനമായിരുന്നു. അത് പൂർത്തീകരിക്കുന്നവർക്ക് പുതിയ പശ്ചാത്തലത്തിൽ ഇസ്ലാമിനെ പ്രതിനിധീകരിക്കാനോ ഭൗതിക വിദ്യാഭ്യാസം സിദ്ധിച്ചവരുമായി സംവദിക്കാനോ സാധ്യമായിരുന്നില്ല. മറുവശത്ത് ഭൗതിക വിദ്യാഭ്യാസം തീർത്തും മതമുക്തമായിരുന്നുവെന്ന് മാത്രമല്ല; മതവിരുദ്ധം കൂടിയായിരുന്നു. ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും സാമൂഹികപഠനത്തിന്റെയും പേരിൽ മതനിഷേധവും നിരീശ്വരത്വവും അഭ്യസിപ്പിക്കുകയായിരുന്നു. അതുകൊണ്ടു തന്നെ വിദ്യാഭ്യാസരംഗത്ത് ജമാഅത്ത് തികച്ചും വ്യതിരിക്തവും വിപ്ലവാത്മകവുമായ വഴി വെട്ടിത്തെളിച്ചു. രണ്ട് വിദ്യാഭ്യാസത്തെയും സമന്വയിപ്പിക്കുന്ന പുതിയ രീതി ആവിഷ്കരിച്ച് നടപ്പാക്കി.

കേരളത്തിലും ജമാഅത്തെ ഇസ്ലാമി ഈ മാർഗം തന്നെ പിന്തുടർന്നു. രണ്ട് വിദ്യാഭ്യാസത്തെയും കൂട്ടിയിണക്കി ഇസ്ലാമിനെ യഥാവിധി പ്രതിനിധീകരിക്കാനും പ്രബോധനം ചെയ്യാനും പ്രാപ്തരായ പണ്ഡിതന്മാരെ വാർത്തെടുക്കാൻ പറ്റുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടാക്കി. അരനൂറ്റാണ്ട് മുമ്പ് ജമാഅത്ത് തുടക്കം കുറിച്ച ഈ വിദ്യാഭ്യാസ രീതിയിന്ന് സമുദായത്തിൽ സാർവത്രികമായിത്തീർന്നിരിക്കുന്നു. സ്ത്രീ സമുദ്ധാരണരംഗത്തും ജമാഅത്ത് എന്നും ഒരു ചുവട് മുന്നിലാണ്. കേരളത്തിലെ ആദ്യത്തെ ഇസ്ലാമിക മാസിക പുറത്തിറക്കിയതും ആദ്യത്തെ വനിതാ കോളേജ് സ്ഥാപിച്ചതും ജമാഅത്തെ ഇസ്ലാമിയാണ്. വനിതകൾക്കും വിദ്യാർഥിനികൾക്കും ആദ്യമായി പ്രത്യേകം സംഘടന ഉണ്ടാക്കിയതും ഇസ്ലാമിക പ്രസ്ഥാനം തന്നെ. ഇതൊക്കെയും പിന്നീട് അനുകരിക്കപ്പെട്ടുവെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

### പ്രവർത്തന പരിപാടികൾ

ഇസ്ലാമിക പ്രവർത്തനത്തിന് ജമാഅത്ത് ആവിഷ്കരിച്ച പരിപാടികളെല്ലാം പരക്കെ അനുകരിക്കപ്പെട്ടു വരുന്നു. ഖുർആൻക്ലാസ്, സ്റ്റഡിക്ലാസ്സുകൾ, സ്ക്വാഡ് പ്രവർത്തനങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ, ചർച്ചാ യോഗങ്ങൾ തുടങ്ങിയവയെല്ലാം തുടക്കത്തിൽ ശക്തമായി വിമർശിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിലും സമീപകാലത്ത് അവയൊക്കെ വിവിധ മതസംഘടനകൾ സ്വീകരിക്കാൻ തുടങ്ങിയിരിക്കുന്നു. വ്യത്യസ്ത വീക്ഷാഗതിക്കാരെ പങ്കെടുപ്പിക്കുന്ന യോഗങ്ങൾ സമീപകാലം വരെ ജമാഅത്തിന്റെ മാത്രം സവിശേഷതയായിരുന്നു. ഇസ്ലാമിക പ്രസ്ഥാനം വലിയ പന്തലിട്ട് സമ്മേളനം നടത്തിയപ്പോൾ അത് രൂക്ഷമായി ആക്ഷേപിക്കപ്പെട്ടിരുന്നുവെങ്കിലും ഏറെത്താമസിയാതെ അതും അനുകരിക്കപ്പെടാൻ തുടങ്ങി. സർവോപരി പൊതു പ്രശ്നങ്ങളിൽ ജമാഅത്ത് അഭിപ്രായപ്രകടനം നടത്തിക്കൊണ്ടിരുന്നപ്പോൾ അതിൽ അസാംഗത്യം കണ്ടെത്തിയിരുന്നവർ സമീപകാലത്തായി പ്രമേയങ്ങളിലൂടെയും പത്രങ്ങളിലൂടെയും പൊതു പ്രശ്നങ്ങളിൽ അഭിപ്രായപ്രകടനം നടത്താൻ വെമ്പൽ കൊള്ളുകയാണ്. ഇങ്ങനെ പ്രസ്ഥാനം മുന്നോട്ടുവെച്ച വീക്ഷണങ്ങളും പദാവലികളും പ്രവർത്തന പരിപാടികളും ജമാഅത്തിനോടു ശത്രുത നിലനിർത്തിക്കൊണ്ടുതന്നെ പിന്തുടരാൻ മതസംഘടനകൾ പരസ്പരം മത്സരിക്കുകയാണ്.

ഇസ്ലാം വിമോചനത്തിന്റെ പ്രത്യയശാസ്ത്രം; ജനസേവനം ഞങ്ങൾക്കു ദൈവാരാധന തുടങ്ങിയ ആശയങ്ങളും വാക്യങ്ങളും കേരളീയ മുസ്ലിം ജീവിതത്തിൽ നേടിയ സ്വാധീനം വിവരണമാവശ്യമില്ലാത്തവിധം വ്യക്തമത്രെ. ഇവ്വിധം സമുദായത്തിന് മാർഗദർശനം നൽകാനും മുന്നിൽ നടക്കാനും കഴിയുന്നുവെന്നതാണ് ജമാഅത്തിന്റെ എടുത്തു പറയേണ്ട നേട്ടങ്ങളിലൊന്ന്.